# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1122 — 03/12/2015 ൽ മറുപടിക്ക്

## ആർ. എം. എസ്.എ. സ്കൂളുകളിലെ അധ്യാപക നിയമനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ആർ എം.എസ്.എ. സ്കൂളുകളിൽ എല്ലാ വിഷയങ്ങളും പഠിപ്പിക്കാൻ അധ്യാപകരെ അനുവദിക്കാത്തതുമൂലം പ്രസ്തുത വിഷയങ്ങൾ പഠിപ്പിക്കാൻ പി.റ്റി.എ. ഫണ്ട് സ്വരൂപിച്ച് അധ്യാപകരെ നിയമിച്ച് പഠിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) ഇതുമൂലം ആർ. എം. എസ്. എ. സ്കൂളുകളിലെ പി. റ്റി. എ. കമ്മിറ്റികൾ ഭാരിച്ച കടത്തിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ഇത്തരം സ്കൂളുകളിൽ പ്രൊട്ടക്ഷൻ മൂലവും മറ്റും പുറത്തായി ജോലി ഇല്ലാതിരിക്കുന്ന അധ്യാപകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) എം.എച്ച്.ആർ.ഡി അംഗീകരിച്ചവക്ക് പുറമേയുള്ള തസ്തികകളിൽ അദ്ധ്യയനം നടത്തുന്നതിന് ആവശ്യമായ അദ്ധ്യാപകരില്ല എന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കെ.ഇ.ആർ നിബന്ധനകൾ പ്രകാരം ആവശ്യമായ അദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ